കേരള സർക്കാർ
തൊഴിലും നൈപുണ്യവും വകുപ്പ്

ലേബർ കമ്മീഷണറുടെ കാര്യാലയം
തൊഴിൽഭവൻ, വികാസ്ഭവൻ.പി.ഒ., തിരുവനന്തപുരം-695 033
Website: www.lc.kerala.gov.in, Email: labourpublicity@gmail.com

---

പ്രസ്സ് റിലീസ് 11.08.2017

ലേബർ പബ്ലിസിറ്റി ഓഫീസ്
ഫോൺ നമ്പർ : 0471 2783908

---

# പീരുമേട് ടീ കമ്പനി പ്രശ്ന പരിഹാരത്തിന്

# മന്ത്രി ടി.പി.രാമകൃഷ്ണൻ തോട്ടം സന്ദർശിക്കുന്നു

ഒന്നര പതിറ്റാണ്ടിലേറെയായി അടഞ്ഞുകിടക്കുന്ന പീരുമീട് ടീ കമ്പനി തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി തൊഴിൽമന്ത്രി ടി.പി. രാമകൃഷ്ണൻ സെപ്റ്റംബറിൽ നേരിട്ട് തോട്ടം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുന്നു. തുടർന്ന അവിടെവച്ചുതന്നെ തൊഴിലാളിയൂണിയൻ നേതാക്കളുമായും മാനേജ്മെന്റു പ്രതിനിധികളുമായും തോട്ടം തുറക്കുന്നതു സംബന്ധിച്ച ചർച്ച നടത്തും. ഇതിനു മുന്നോടിയായി തോട്ടം തുറന്നു പ്രവർത്തിക്കുന്നതിനുള്ള നിലവിൽ നേരിടുന്ന തടസ്സങ്ങൾ, പരിഹാരം തുടങ്ങിയവ സംബന്ധിച്ച് മാനേജ്മെന്റ് തങ്ങളുടെ നിലപാട് രേഖാമൂലം രണ്ടാഴ്ച്ചയ്ക്കകം സർക്കാരിന് സമർപ്പിക്കണമെന്ന് തൊഴിൽമന്ത്രി നിർദേശിച്ചു. സെപ്റ്റംബറിലെ സന്ദർശനത്തിനുശേഷവും തീരുമാനമെടുക്കാനാകില്ലെങ്കിൽ സർക്കാർ സ്വന്തം നിലയിൽ നിയമാനുസരണം തീരുമാനമെടുക്കുമെന്നും മന്ത്രി വ്യക്തമാക്കി.

പീരുമേട് ടീ കമ്പനി തുറന്നു പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച് തൊഴിൽ മന്ത്രിയുടെ അധ്യക്ഷതയിൽ സെക്രട്ടേറിയറ്റ് സൗത്ത് കോൺഫറൻസ് ഹാളിൽ മാനേജ്മെന്റ് പ്രതിനിധികളും തൊഴിലാളിയൂണിയൻ നേതാക്കളും തൊഴിൽവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി നടത്തിയ യോഗത്തിലാണ് തിരുമാനം.

സംസ്ഥാനത്ത് ആകെയുള്ള 32000 തോട്ടം തൊഴിലാളി കുടുംബങ്ങൾക്ക് വീടുവച്ചുനൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിൽ ഭൂരിഭാഗവും ഇടുക്കി ജില്ലയിലാണ്. ഈ സർക്കാരിന്റെ കാലത്തുതന്നെ മുഴുവൻ കുടുംബങ്ങൾക്കും വീടു വച്ചു നൽകുമെന്നും ഈ വർഷം ഇതിനുള്ള നടപടികൾ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ഇതിനായി കൃഷ്ണനായർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

യോഗത്തിൽ പീരുമേട് എംഎൽകെ ഇ.എസ്.ബിജിമോൾ, തൊഴിൽവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ടോം ജോസ്, ലേബർ കമ്മീഷണർ കെ.ബിജു, അഡിഷണൽ ലേബർ കമ്മീഷണൽ കെ.ഒ.ജോർജ്, തൊഴിലാളി യൂണിയൻ നേതാക്കളായ എം.എ.ലാലിച്ചൻ, ഡി.ആൽബർട്ട്, ഷിബു.കെ.തമ്പി, പി.നിക്സൺ, പി.മോഹനൻ, കെ.സുരേന്ദ്രൻ, പി.ആർ.അയ്യപ്പൻ, വൈ.ജയൻ, എസ്.സി.രാജൻ, ആർ.പെരുമാൾ, സുരേഷ് ബാബു,ആന്റപ്പൻ എൻ. ജേക്കബ്, മാനേജ്മെന്റ് പ്രതിനിധികളായ ആർ.ശിവരാമകൃഷ്ണശർമ, രാജീവ്കുമാർ സി.നായർ എന്നിവർ പങ്കെടുത്തു.

ലേബർ പബ്ലിസിറ്റി ഓഫീസർ

9846063499

വാർത്ത തയാറാക്കിയത് പബ്ലിസിറ്റി അസിസ്റ്റന്റ് 9633306218